# കണക്കുകൾക്കപ്പുറം

കൂട്ടിയും, കിഴിച്ചും മുന്നോട്ടു പൊയ്കൊണ്ടിരിക്കുന്ന നിത്യജീവിതത്തിന്റെ കൂടെ തന്നെ , അതിരുകളില്ലാത്ത ആകാശം തണലാക്കിയ പക്ഷികളെ തന്റെ ക്യാമറകണ്ണിൽ ഒപ്പിയെടുക്കാൻ അവർക്കൊപ്പം സഞ്ചരിക്കുന്ന ഒരു ബാങ്കറേ ഈയാഴ്ചത്തെ ദളത്തിൽ പരിചയപ്പെടുത്തുന്നു.

.


അനു സിദ്ധാർത്ഥൻ<br>
എസ് ബി ഐ<br>
എം ജി റോഡ് ശൃംഗാർ ശാഖ<br>
ബാംഗ്ലൂർ


തൃശൂർ ജില്ലയിലെ ഒല്ലൂർ ചീരാച്ചി സ്വദേശിയും ലിബിയയിലെ ഒരു സ്വകാര്യ കൺസ്ട്രക്ഷൻ കമ്പനിയിൽ മാനേജരുമായിരുന്ന സിദ്ധാർത്ഥന്റെയും വീട്ടമ്മയായ ശോഭനയുടെയും രണ്ടു മക്കളിൽ മൂത്തയാൾ. കുരിയച്ചിറ സെയിന്റ് പോൾസ് സ്കൂളിലും മേരി റാണി അമല സ്കൂളിലുമായി വിദ്യാഭ്യാസത്തിന്റെ ഹരിശ്രീ കുറിച്ചു . അഞ്ച് മുതൽ പത്താം ക്ലാസ് വരെ സെയിന്റ് ജോസഫ് കോൺവെന്റ് ഗേൾസ് സ്കൂളിലും . തൃശൂർ കേരളവർമ്മ കോളേജിൽ നിന്നും കണക്ക് ഐച്ഛിക വിഷയമായി പ്രീ ഡിഗ്രി ഒന്നാം ഗ്രൂപ്പും , ശേഷം അതെ കലാലയത്തിൽ നിന്ന് തന്നെ ബി എസ്സി സ്റ്റാറ്റിസ്റ്റിക്സും പൂർത്തിയാക്കി.

ബിരുദ പഠനം കഴിഞ്ഞു MCA പഠനത്തിനായി കോഴിക്കോട് സർവകലാശാലയുടെ തൃശ്ശൂരിൽ തന്നെയുള്ള ഡോ . ജോൺ മത്തായി സെന്ററിൽ പ്രവേശനവും ലഭിച്ചു. ഭാവിയിൽ അതേ ഡോ ജോൺ മത്തായി പ്രഥമ ചെയർമാനായിരുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ജോലി ചെയ്യേണ്ടി വരുമെന്ന് ഒരു വിദൂര സ്വപ്നം പോലുമില്ലാതെ !!! പഠനത്തിന്റെ അവസാന ഭാഗമായുള്ള പ്രൊജക്റ്റ് വർക്ക് ചെയ്യുവാനാണ് സ്വപ്ന നഗരമായ ബാംഗ്ലൂരിൽ ചെന്നിറങ്ങിയതു. കോഴ്സ് പൂർത്തിയാക്കിയതിനു പിന്നാലെ തൊഴിൽ അനുഷ്ഠിതമായ കോഴ്സുകൾക്കും ചേർന്നുള്ള പഠനത്തോടൊപ്പം തൊഴിലന്വേഷണവും സമാന്തരമായി കൊണ്ട് പോയി.

ഇതിനിടെ പാലക്കാട് ജില്ലയിലെ മണ്ണാർകാടിനു സമീപം തച്ചംപറമ്പിലുള്ള ദിജീഷ് ജീവിതത്തിന്റെ മറുപാതിയായി ഒപ്പം കൂടി. ഭർത്താവിന്റെ ജോലി സ്ഥലം ബാംഗ്ലൂരിൽ ആയതു തൊഴിലന്വേഷണം തുടരുന്നതിന് ഒരനുഗ്രഹമായി . ഒടുവിൽ യുഎസ് ആസ്ഥാനമായ ടോമേക്സ് ഇന്ത്യ എന്ന കമ്പനിയിൽ സോഫ്റ്റ്‌വെയർ ക്വാളിറ്റി അഷുറൻസ് എൻജിനീയറായി തൊഴിൽ ജീവിതത്തിനു നാന്ദി കുറിച്ചു.

കൈക്കുഞ്ഞായ മകനും, അതോടൊപ്പം ദിവസവുമുള്ള ദീർഘദൂര യാത്രയും ചേർന്ന് ഒത്തു പോകാതിരുന്നപ്പോഴാണ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ക്ലറിക്കൽ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള അറിയിപ്പ് ഭർത്താവ് ദിജീഷ് ചൂണ്ടിക്കാട്ടിയത്. ഇരവുപകൽ ജോലിയും, കുടുംബ ജീവിതവും തമ്മിൽ ഒരു തുലനവുമില്ലാതെ കുഴഞ്ഞു മറിഞ്ഞു കൊണ്ടിരുന്ന

അന്നത്തെ അവസ്ഥയിൽ , ഒന്ന് കൂടി മികച്ച ഒരു തൊഴിൽ എന്ന നിലയിൽ എസ് ബി ഐ യുടെ ക്ലറിക്കൽ പരീക്ഷയെഴുതി . അങ്ങനെ 2010 ൽ വിവര സാങ്കേതിക വിദ്യയുടെ ലോകത്തു നിന്നും കണക്കിന്റെ ലോകത്തിലേക്ക് ഒരു ചുവടു മാറ്റം.

സ്കൂൾ പഠന കാലത്തു മുതലേ ഗൈഡ്സിൽ സജീവമായിരുന്നു. സാഹസികത ഇഷ്ടമായത് കൊണ്ട് ഒട്ടുമിക്ക സാഹസിക ക്യാമ്പുകളിലും ട്രെക്കിങ്ങിലും പങ്കെടുക്കാൻ മുന്നിട്ടു നിന്നിരുന്നു. ജംബൂരിയും ,കമ്പൂരിയും ഒക്കെ ഭാവി ജീവിതത്തിനു ഒരു അടുക്കും ചിട്ടയും നൽകാൻ സഹായിച്ചു. നേട്ടങ്ങളുടെ തുടക്കത്തിൽ തന്നെ ഒരു പൊൻതൂവൽ ചേർത്തു കൊണ്ടാണ് രാജ്യപുരസ്കാർ ലഭിച്ചത് . മികച്ച ഒരു ഗൈഡ് എന്ന നിലയ്ക്കുള്ള പരമോന്നത ബഹുമതിയും, പ്രശംസാപത്രവും, അനുമോദനങ്ങളും അന്നത്തെ രാഷ്ട്രപതി ശ്രീ ശങ്കർ ദയാൽ ശർമയിൽ നിന്നും ഏറ്റുവാങ്ങുവാനും കഴിഞ്ഞു. ഇതൊക്കെ കൂടാതെ ഗൈഡ്സിലും മറ്റു അനേകം ക്യാമ്പുകളിലും പങ്കെടുത്ത മുൻപരിചയമുള്ളതു കൊണ്ട് കലാലയത്തിൽ നാഷണൽ സർവീസ് സ്കീമിന്റെ പരിസ്ഥിതി ക്ളബ്ബിന്റെ സെക്രട്ടറി ആകുകയും മികച്ച എൻ എസ് എസ് കേഡറ്റ് ആയി തിരഞ്ഞെടുക്കപ്പെട്ടതും അഭിമാനത്തോടെ പങ്കുവയ്ക്കുന്നു. ക്യാമ്പുകളോടനുബന്ധിച്ചുള്ള ഒഴിവാക്കാനാകാത്ത യാത്രകൾ ഭാവി ജീവിതത്തിനൊരു മുതൽ കൂട്ടാവുകയും ചെയ്തു. സാഹസിക രംഗത്ത് മാത്രമല്ല , അരങ്ങിലും തനിക്കൊരു കൈ നോക്കാൻ കഴിയുമെന്ന് കലാലയ ജീവിതത്തിൽ അനു തെളിയിച്ചു.

ഇഷ്ടവിഷയം ഗണിതമായിരുന്നെങ്കിലും ഒരു അഭിഭാഷകയോ, അതുമല്ലെങ്കിൽ ഒരു പത്ര പ്രവർത്തകയോ ആകുക എന്ന മോഹം നടന്നില്ലെങ്കിലും , ഇഷ്ടവിഷയമായ കണക്കിന്റെ ലോകത്ത് തന്നെ തൊഴിൽ കിട്ടിയതിൽ പരിഭവമില്ല, മറിച്ചു ഒരുപാടാഭിമാനമേയുള്ളു .

ദി ഹിന്ദുവിന്റെ റീജിയണൽ മാനേജരായി ബാംഗ്ലൂരിൽ ജോലി നോക്കുന്ന ദിജീഷ് മികച്ചൊരു ഫോട്ടോഗ്രാഫർ കൂടിയാണ്. സാഹസിക യാത്രയും, സൈക്ലിങും പിന്നെ ഫോട്ടോഗ്രാഫിയും ഇഷ്ടപെടുന്ന ഭർത്താവും, വായനയും യാത്രയും അതിലേറെ സാഹസികതയും ഇഷ്ടപെടുന്ന ഭാര്യയും. ഇഷ്ടാനിഷ്ടങ്ങളിലെ ചേർച്ചയാണ് ഇവരുടെ ബന്ധത്തിന്റെ കെട്ടുറപ്പ് . നിലവിലെ ജോലി ഭാരം കൊണ്ട് നടന്നാൽ ജീവിതതാളം തെറ്റുമെന്ന തോന്നൽ കൂടി വന്നപ്പോൾ വേഗത നിറഞ്ഞ നഗര ജീവിതത്തിൽ നിന്നും ഒരു മാറ്റത്തിനായി ഇരുവരും പിന്നീട് ഓരോ ഒഴിവു ദിനങ്ങളിലും തൊട്ടടുത്തുള്ള പരിസ്ഥിതി സംബന്ധമായ സ്ഥലങ്ങളിലേക്ക് ചെറു യാത്രകൾ മുടക്കം കൂടാതെ തുടങ്ങി. പ്രത്യേകിച്ചും പക്ഷി നിരീക്ഷണ കേന്ദ്രങ്ങളിലേക്ക് . .പയ്യെ പയ്യെ അനുവും ഫോട്ടോഗ്രഫിയിലേക്കു തിരിഞ്ഞു . കൺ മുന്നിൽ കാണുന്ന പലതും തന്റെ മൊബൈൽ ഫോണിൽ പകർത്തി കൊണ്ടായിരുന്നു അനുവിന്റെ തുടക്കം. ഓരോ യാത്രയും പുതിയ പുതിയ കാഴ്ചകളും, അതിലേറെ ഊർജവും നൽകി കൊണ്ടിരുന്നു. ഒരു പുതിയ മാറ്റത്തിനുള്ള കൺ ചിമിഴ് തുറക്കൽ കൂടി ആയിരുന്നത്.

ഫോട്ടോഗ്രഫിയിലുള്ള കമ്പം കണ്ടു പ്രിയതമനൊരു Nikon p 900 സമ്മാനമായി

നൽകി . പ്രകൃതി നിരീക്ഷണം പ്രത്യേകിച്ചും പക്ഷി നിരീക്ഷണത്തിൽ ആയിരുന്നു താൽപ്പര്യം . സമ്മാനമായി ലഭിച്ചത് DSLR അല്ലെങ്കിലും, യൂ ട്യൂബ് വിഡിയോകളും , തുടക്കകാർക്കുള്ള പാഠങ്ങളും പയ്യെ പഠിച്ചെടുത്തു. തെറ്റുകൾ ക്ഷമയോടെ തിരുത്താനും , കൂടെ കൈ പിടിച്ചു നടത്താനും പ്രിയതമൻ തന്നെ ഉള്ളപ്പോൾ ഫോട്ടോഗ്രാഫിയൊരു ഹോബി എന്നതിലുപരിയൊരു ഗൗരവ വിഷയമായി തന്നെ കണ്ടു തുടങ്ങി. ചിത്രങ്ങൾ എടുക്കുന്നതിലുപരി എടുത്ത ചിത്രങ്ങളിലെ പക്ഷികളെ കുറിച്ച് കൂടുതൽ അറിയാനും, അതൊക്കെ ചെറിയ കുറിപ്പു കളായി കരുതിവയ്ക്കുവാനും തുടങ്ങി. Nikon p 900 തുടങ്ങിയ പ്രണയമിപ്പോൾ വളർന്നു Nikon d 500 എത്തി നിൽക്കുന്നു . അതിനിടയ്ക്ക് എത്രയോ ചിത്രങ്ങൾ പകർത്താനുള്ള ഭാഗ്യവും ലഭിച്ചു. അതിലെല്ലാമുപരി പക്ഷികളെ കുറിച്ച് കൂടുതലറിയാനും കഴിഞ്ഞു, ഇപ്പോഴും അറിയാനുള്ള യാത്രയിലുമാണ് .

2010 ൽ ബാംഗ്ലൂർ ITS ഡിപ്പാർട്മെന്റിൽ ക്ലറിക്കൽ കേഡറിൽ അസിസ്റ്റന്റ് ആയി ആരംഭിച്ച ബാങ്കിങ് ജീവിതം പിന്നീട് ജയമഹൽ ബ്രാഞ്ചും കടന്നിപ്പോൾ എം ജി റോഡ് ശൃംഗാർ ബ്രാഞ്ചിൽ എത്തി നില്ക്കുന്നു.

ആർമി പബ്ലിക് സ്കൂളിൽ ഏഴാം തരത്തിൽ പഠിക്കുന്ന പ്രണവും, ഗോൾഡൻ പാം ആർമി പ്രീ പ്രൈമറി സ്കൂളിൽ യൂ കെ ജി വിദ്യാർത്ഥിയായ നിവേദുമാണ് മക്കൾ . മാതാപിതാക്കളുടെ ഹോബികളൊക്കെ കുറേശ്ശെ മക്കൾക്കും കിട്ടിയിട്ടുണ്ട് .

ഏക സഹോദരൻ അരുൺ ടാക്സ് കൺസൾട്ടന്റു ആയി ദുബൈയിൽ ജോലി നോക്കുന്നു. ആയുർവേദ ഡോക്ടറായ തുഷാരയാണ് സഹോദരപത്നി. നിള അരുൺ സഹോദരന്റെ ഏക മകളും. സഹോദരനും കുടുംബവും ദുബൈയിൽ .

ടാലന്റഡ് ബാങ്കേഴ്സിൽ അംഗമായപ്പോൾ താനെടുത്ത ചിത്രങ്ങൾ അവയിൽ ഇടാൻ ആദ്യമൊക്കെ മടി ആയിരുന്നു. ലോക്ക്ഡൗൺ കാലത്തും , പിന്നെ കൊറോണ ബാധിച്ചു ക്വാറന്റിൻ ആയി ഭർതൃഗൃഹമായ പാലക്കാട് കഴിഞ്ഞപ്പോ ഴുമാണ് അനുവിന്റെ ചിത്രങ്ങൾ കൂടുതലും കുറിക്കു കൊള്ളുന്ന ക്യാപ്ഷൻ സഹിതം ടാലന്റഡ് ബാങ്കേഴ്സ് പേജുകളിൽ വന്നു തുടങ്ങിയതും, നമ്മുടെയൊക്കെ ശ്രദ്ധ നേടിത്തുടങ്ങിയതും.

ഇത് വരെയെടുത്ത ചിത്രങ്ങളുടെ ഒരു പ്രദർശനം നടത്താനുള്ള പ്രാരംഭ ദിശയിൽ നിൽക്കുമ്പോഴാണ് വില്ലന്റെ രൂപത്തിൽ ലോക്ക് ഡൗൺ വന്നത്. എന്നിരുന്നാലും നിലവിലെ മഹാമാരിയുടെ കാർമേഘങ്ങൾ ഒഴിഞ്ഞു കഴിയുമ്പോൾ തിരഞ്ഞെടുത്ത ചിത്രങ്ങളുടെ ഒരു പ്രദർശനം നടത്തുവാനുള്ള ശ്രമത്തിലാണ് അനുവിപ്പോഴും. ഫ്രെയ്മുകളിൽ പുതിയ കാഴ്ചകളും, അനുഭവങ്ങളും കൊണ്ട് വരും നാളുകൾ സമ്പുഷ്ടമാകട്ടെ എന്ന് ടാലന്റഡ് ബാങ്കേഴ്സ് കോളം ആശംസിക്കുന്നു.

---

തയ്യാറാക്കിയത് : നവീൻ രമണൻ, ബാങ്ക് ഓഫ് ഇന്ത്യ, കടപ്പാക്കട, കൊല്ലം

English version: Arya Gayathry , State Bank of India, Thiruvananthapuram Main Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്

---------------------------------------------------------------------------------------------------

Beyond the world of numbers..

Today we introduce a talent who finds time to follow the free birds that fly about the vast sky with her camera lens, amidst the hectic calculations of a banker's daily life.

Anu Sidharthan
State Bank of India
MG Road Shrungar Branch
Bangalore

She was born as the elder of the two kids of Sidharthan who hailed from Ollur Cheerachi in Thrissur district and worked as manager in a private construction company in Libya, and Shobhana. She started her schooling from Kuriachira St. Paul's School and Mary Rani Amala School and went to St. Joseph convent girls' school from 5th grade to 10th grade. Then she did her pre degree course with Mathematics as the main subject and later BSc Statistics, both from the Thrissur Keralavarma College.

After graduation she got admission for MCA in Thrissur Dr. John Mathai Centre under Kozhikode University.. without the slightest inkling that she would work in the State Bank of India where the same John Mathai was the first chairman!! She reached the city of dreams, Bangalore to complete the project work On completion of the course, she went for various job oriented courses and hunted for jobs simultaneously.

By then, Dijeesh who belonged to Thachamparambu near Mannarcaud, Palakkad, became a part of her life. As he worked in Bangalore, it was easier for her to look for jobs there. At last she got selected as a software quality assurance engineer in Tomex India, a US based company.

As she struggled with her baby and daily long distance travel, Dijeesh showed her the advertisement of State Bank of India recruitment for the clerical cadre. Thinking it might save her from the plight of managing her kid and a 24 hour demanding job, she appeared for the SBI Clerical test. Thus in 2010 she shifted from the IT world to the world of numbers.

She actively participated in guides from her school days. As she loved adventures, she became part of various adventurous camps and trekking. The Jamborees helped her in bringing about discipline in her life. She won the first feather in her cap by bagging the Rajyapuraskar. She won the certificate of excellence and was praised by none other than the then Indian President, Sri. Sankar Dayal Sarma. With the experience from attending various camps of the guides, she was made the secretary of the National Service Scheme Environmental club at college and also got selected as the best NSS cadet. The mandatory travels in connection with the camps equipped her to face later challenges in life. Her college days proved that she was equally good on stage.

Though her favourite subject was Mathematics, she wished to be a lawyer or a journalist. But she is only proud to work in the world of numbers as a banker.

Dijeesh who is the regional manager of 'The Hindu' at Bangalore, is also an excellent photographer. He loves adventure rides, cycling and photography.. she loves reading, travel and adventure.. their likes and dislikes matched, strengthening their bond. As they realized they needed respite from the strenuous work in the bustling city, they started travelling to nearby ecotourist spots.. especially for bird watching. Slowly, Anu too got interested in photography. She started by getting shots of all that interested her from her mobile camera. Each travel presented them with new sights and new energy. This was just a new beginning.

Seeing her interest in photography, her husband gifted her a Nikon P 900. She was more attracted to nature, especially birds. Though it was not a DSLR she got, she dutifully learned the beginners' guidelines from the YouTube. When her loving husband encouraged and corrected her, she started taking photography seriously. She started learning more about the birds that were captured in her lens and noted them down. Her passion for photography that started with the Nikon P 900 has now grown to Nikon D 500. She still continues her journey seeking details of the numerous birds she stilled with her camera.

Her banking career began as Assistant in the year 2010 in Bangalore ITS Department and after transfer to Jayamahal branch, has reached MG Road Shrungar branch.

Pranav who is in the 7th grade in the Army Public School and Nived who is in UKG in the Golden Palm Army Pre primary School are their sons. The kids too have inherited the interests of their parents.

Her brother Arun is working as a tax consultant in Dubai. His wife Thushara is an Ayurvedic doctor. They are blessed with Nila Arun. They reside in Dubai.

She was hesitant in sharing her photographs in the Talented Bankers group in the beginning. Only the lockdown period and her quarantine at her husband's place at Palakkad brought before us her sharp pictures with excellent and apt captions.

The lockdown came as a villain as she was planning for exhibition of the photographs taken by her. She is not dejected and we all look forward to the exhibition of her selected photographs which she is preparing for, once the present covid pandemic ends. We wish Anu and her family may be blessed with many more exquisite photographs in their frames and wonderful experiences linked to them.